# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2078 — 11.02.2020- ൽ മറുപടിയ്ക്ക്

### ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ

| | ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ എത്ര പ്രതികളെയാണ് വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചിട്ടുള്ളതെന്നും അവർ ആരൊക്കെയാണ് എന്നും വ്യക്തമാക്കാമോ ; | (എ) | ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ 3 പ്രതികളെയാണ് വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചിട്ടുള്ളത്.<br>1) സി. നം. 1608 അനൂപ്<br>2) സി. നം. 1609 മനോജ്<br>3) സി.നം.1614 ഷിനോജ് |
| (ബി) | പ്രസ്തുത ജയിലിൽ പകൽ സെല്ലിന് പുറത്തിറക്കുന്ന തടവുകാരെ രാത്രി എത്ര മണിക്കകം സെല്ലിൽ കയറ്റണമെന്നാണ് നിബന്ധന എന്ന് അറിയിക്കാമോ ; | (ബി) | വൈകുന്നേരം 6 മണിക്കകം സെല്ലിൽ കയറ്റണം എന്നാണ് നിബന്ധന. |
| (സി) | ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽ ജോലി ചെയ്യുന്ന തടവുകാർക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗക്കാർക്ക് എന്ന് വ്യക്തമാക്കാമോ ; | (സി) യും (ഡി) യും | കിച്ചൺ, ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ എന്നിവയിൽ ജോലി എടുക്കുന്ന അവസരങ്ങളിൽ തടവുകാർക്ക് മേൽ നിബന്ധനയിൽ ഇളവ് നൽകാറുണ്ട്. മേൽപ്പറഞ്ഞ ഇളവ് എല്ലാ തടവുകാർക്കും പൊതുവെ ലഭിക്കുന്നതിന്റെ ഭാഗമായി ടി കേസിൽപ്പെട്ട തടവുകാർക്കും ഇളവ് ലഭിച്ചിട്ടുണ്ട്. |
| (ഡി) | ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് മേല്പറഞ്ഞ നിബന്ധനയിൽ പ്രത്യേക ഇളവ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ് എന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ